സുപ്രഭാതം

# സബ്ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പ് നാളെമുതൽ

**കോഴിക്കോട്** ▸ ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാംപ്യൻഷിപ്പ് നാളെയും മറ്റന്നാളും എളേറ്റിൽ എം.ജെ.എച്ച് എസ്.എസ് ഗ്രൗണ്ടിൽ നടക്കും. വയനാട്ടിൽ നടക്കുന്ന സംസ്ഥാന ചാംപ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാംപ്യൻഷിപ്പിൽ നിന്നു തെരഞ്ഞെടുക്കും.

പങ്കെടുക്കുന്ന ടീമുകൾ നാളെ രാവിലെ എട്ടിന് റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അറിയിച്ചു. ഫോൺ: 9562848568.

Kozhikode Edition
Date : 3/27/2024 , Page : 3

Mathrubhumi
മാതൃഭൂമി

### ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

# എളേറ്റിൽ എം.ജെ.എച്ച്.എസ്.എസും വടകര സെയ്ന്റ് ആന്റണീസ് ഗേൾസും ഫൈനലിൽ



ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി. അഗസ്റ്റിൻ ഉദ്ഘാടനംചെയ്യുന്നു

**കൊടുവള്ളി**► ഇരുപതാമത് ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് എളേറ്റിൽ എം.ജെ. ഹയർസെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗം പി.ടി. അഗസ്റ്റിൻ ഉദ്ഘാടനം നിർവഹിച്ചു.

ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം പി. ഷഫീഖ് അധ്യക്ഷനായി. കെ.കെ. നിഹാദ്, കെ. അക്ഷയ്, വിപിൽ വി. ഗോപാൽ, പി.പി. ഫാരിസ്, ഹംറാസ് ചാലിയം, ബേസ്ബോൾ അസോസിയേഷൻ ജില്ലാ സെക്രട്ടറി അനീസ് മടവൂർ, കെ. അബ്ദുൽ മുജീബ് എന്നിവർ സംസാരിച്ചു.

പെൺകുട്ടികളുടെ വിഭാഗത്തിൽ വടകര സെയ്ന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂൾ, എളേറ്റിൽ എം.ജെ. എച്ച്.എസ്.എസ്. എന്നീ ടീമുകൾ ഫൈനലിൽ പ്രവേശിച്ചു.

# സബ് ജൂനിയർ ബേസ്ബോൾ നാളെ

കോഴിക്കോട്: ഇരുതാമത് ജില്ലാ സബ് ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് നാളെയും മറ്റന്നാളും എളേറ്റിൽ എം.ജെ.എച്ച് എസ്.എസ് ഗ്രൗണ്ടിൽ നടക്കും. വയനാട് വെച്ച് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തെരഞ്ഞെടുക്കുന്നതാണ്. പങ്കെടുക്കുന്ന ടീമുകൾ നാളെ കാലത്ത് 8 മണിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ ബേസ് ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അറിയിച്ചു. ഫോൺ: 9562848568.